(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസ്റ്റ് ഹൗസുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര വാച്ച്മാന്മാരും കുക്കുകളും ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(സി) ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 91 പേർ.

(ബി)&(സി) നിലവിലുള്ള നിയമങ്ങളനുസരിച്ച് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ല.

81 (3257) പാവരണി റോഡിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകാൻ നടപടി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ പാവരണി റോഡിൽ മഴയത്ത് വെള്ളം കയറി ഗതാഗത സ്തംഭനം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാവരണി റോഡ് കോഴിക്കോട് നഗരസഭയുടെ അധീനതയിലാണ്. വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ നഗരസഭ ജലസേചനവകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ വകുപ്പ് അറിയിച്ചിട്ടുണ്ട്.

82 (3259) ശാസ്ത്ര-സാങ്കേതിക മ്യൂസിയം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര -സാങ്കേതിക മ്യൂസിയം സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണോ;

(ബി) എങ്കിൽ ഇതിലെ ജീവനക്കാർക്കുവേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ജീവനക്കാരുടെ ശമ്പളം, ഗ്രേഡ് പ്രൊമോഷൻ മുതലായവ സർക്കാർ ചട്ടങ്ങളിൽ നിന്നും വിഭിന്നമായിട്ടുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണോ നിർണ്ണയിച്ചിട്ടുള്ളത്;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly